01/12/21

17/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ CP No. 725(6)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.14612/എസ്.ഐ.സി-ജി 5/2020**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ഡി.മോഹന പ്രസാദ്,<br>രോഹിണി,<br>വി.എം. മിൽസിന് സമീപം,<br>TBRA 31, LIC റോഡ്,<br>തിരുമല, തിരുവനന്തപുരം. | പരാതി ഹർജിക്കാരൻ |

**Vs.**

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടർ,<br>ഇൻഷ്വറൻസ് ഡയറക്ടറേറ്റ്,<br>ട്രാൻസ് ടവേഴ്സ്, വഴുതക്കാട്. പി.ഒ,<br>തിരുവനന്തപുരം – 695 014. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15/09/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | --- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 15/12/2020 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 16/12/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12/01/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 03/02/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 08/11/2021 |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഡി.മോഹന പ്രസാദ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടിയൊന്നും ലഭ്യമാക്കിയില്ലെന്നും മറുപടി ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 15.09.2020 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) STLIC No. 729801366 ലേക്ക് ഡിപ്പാർട്ടുമെന്റ് എത്ര രൂപ അക്കൗണ്ട് ചെയ്തിട്ടുണ്ടെന്നും

2) പോളിസി തുക പലിശ സഹിതം ലഭിക്കുന്നതിന് എന്ത് നടപടിക ളാണ് സ്വീകരിക്കേണ്ടതെന്നും എന്നിങ്ങനെ 4 ഇനങ്ങളിലായുള്ള വിവരങ്ങളാ ണ്.

3. പരാതി ഹർജിക്കാരന്റെ 15.09.2020 ലെ അപേക്ഷയ്ക്ക് എതിർകക്ഷി മറു പടി ലഭ്യമാക്കിയതായി കാണുന്നില്ല.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 25.01.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടി സമയപരിധിക്കുള്ളിൽ തന്നെ ടിയാന് രജിസ്റ്റേർഡ് പോസ്റ്റ് വഴി അയച്ചു നൽകിയെന്നും ആയത് സ്വീകരിക്കപ്പെടാതെ തിരിച്ചുവന്നുവെന്നും പിന്നീട് കമ്മീഷനിൽ നിന്നും ടി വിഷയത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ കത്തിനൊപ്പം ഉൾക്കൊള്ളിച്ചിരുന്ന ടിയാന്റെ പരാതിയിലുള്ള മേൽവി ലാസത്തിൽ വീണ്ടും 23.01.2021 ൽ മറുപടി അയച്ചു നൽകിയെന്നുമാണ്. കൂടാതെ ആദ്യം അയച്ച് തിരിച്ചു വന്നതായി പറയുന്ന മറുപടിയുടെ പകർപ്പും തപാൽ കവറും റിപ്പോർട്ടിനൊപ്പം ഉൾക്കൊള്ളിക്കുന്നതായി റിപ്പോർട്ടിൽ രേഖ പ്പെടുത്തിയിരിക്കുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ പരാതി ക്കാരന് മറുപടി ലഭ്യമായതായി കാണുന്നില്ല. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 25.01.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ടിയാന്റെ

വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി തന്നെ മറുപടി അയച്ചിരുന്നുവെന്നും എന്നാൽ ആയത് ടിയാൻ കൈപ്പറ്റാതെ തിരിച്ചു വന്നു എന്നുമാണ്. പിന്നീട് ടിയാൻ കമ്മീഷനിൽ നൽകിയ പരാതിയുടെ പകർപ്പ് എതിർകക്ഷിയ്ക്ക് കമ്മീഷൻ ഓഫീസിൽ നിന്നും അയച്ചു നൽകിയതിൽ കണ്ട പരാതിക്കാരന്റെ മേൽവിലാസത്തിൽ വീണ്ടും 23.01.2021 ൽ മറുപടി അയച്ചു നൽകി എന്നാണ്. 23.01.2021 ൽ മറുപടി വീണ്ടും അയച്ചു നൽകിയത് തിരിച്ചു വന്നില്ല എന്നാണ് എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. 08.11.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ പരാതിക്കാരൻ പങ്കെടുക്കുകയോ പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. ടിയാന് മറുപടി ലഭ്യമായിട്ടില്ല എന്ന ടിയാന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഒരിക്കൽ കൂടി വ്യക്തവും വിശദവുമായ മറുപടി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം പരാതിക്കാരന് നൽകേണ്ടതാണെന്ന് എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm